**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 278** **04-08-2021 - ൽ മറുപടിയ്ക്ക്**

**തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം തോന്നയ്ക്കലിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഏതുവരെയായെന്ന് അറിയിക്കാമോ; | (എ) | വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവ0ർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങിക്കഴിഞ്ഞു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ (Diagnostic facility) പ്രവർത്തനം ഐ സി എം ആർ മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്.കൊറോണ വൈറസ്സിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിലേക്ക് ആത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും, വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ധ്യമുള്ളസ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സ്ഥാപനത്തിൽ എത്ര പേരെ നിയമിച്ചുവെന്നും ഏതെല്ലാം തസ്തികകളിലാണെന്നും വ്യക്തമാക്കുമോ; | (ബി) | ഡയറക്ടർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. സയന്റിസ്റ്റ് E2, സയന്റിസ്റ്റ് C തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായി. ടെക്നിക്കൽ ഓഫിസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചു വരുന്നു. |
| (സി) | കോവിഡ് വ്യാപനം കൂടിക്കൊണ്ടിരിക്കുന്ന സാഹചര്യം പരിഗണിച്ച് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ